# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവായൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(19)1845/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/11/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുവായൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(19)1845/22 തീയ്യതി: 29/11/2022

## പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-07-2021 മുതൽ 09-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-08-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 10-08-2022 | 22-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-08-2022 | 22-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രീത.യു ഓഡിറ്റ് ഓഫീസർ
അനില സി.എസ് സീനി.ഗ്രേഡ്ഓഡിറ്റർ
ആതിര എച്ച് സീനി.ഗ്രേഡ്ഓഡിറ്റർ
ഗോകുൽ സി എം ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രേമ വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ വിനോദ് കുമാർ വി | സെക്രട്ടറി | 01-04-2021 | 05-10-2021 |
| ശ്രീ ബിന്ദു പി.എൽ | സെക്രട്ടറി | 06-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.പി.വേണുഗോപാലൻ | അസി.സെക്രട്ടറി | 01-04-2021 | 03-09-2021 |
| ഒഴിവ് | അസി.സെക്രട്ടറി | 04-09-2021 | 28-10-2021 |
| ശ്രീ സജിത്ത് ഘോഷ് എം.ആര് | അസി.സെക്രട്ടറി | 29-10-2021 | 31-03-2022 |
| ശ്രീമതി സജ്ന.ടി.എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സിന്ധു എം.എ | മെഡിക്കൽ ഓഫീസർ(CHC) | 01-04-2021 | 31-03-2022 |
| ഡോ.അനുരുമ | MO(ISM) | 01-04-2021 | 31-03-2022 |
| ഡോ. ജലജ. കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലക്ഷ്മിക്കുട്ടി.എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീല.ടി.ജി | ഡി.ഇ.ഒ | 01-04-2021 | 07-11-2021 |
| ശ്രീമതി അഫ്സ | ഡി.ഇ.ഒ | 08-11-2021 | 31-03-2022 |
| ശ്രീമതി.ഷീബ.സി | വി.ഇ.ഒ 1 | 01-04-2021 | 25-08-2021 |
| ശ്രീമതി ഷൈനി എസ് | വി.ഇ.ഒ 1 | 26-08-2021 | 31-03-2022 |
| ശ്രീമതി. സുമി | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ശ്രീ മുഹമ്മദ് റഫീക്ക് | അസി.എൻജിനിയർ | 01-04-2021 | 27-07-2021 |
| ശ്രീ ഉണ്ണി കെ.എസ് | അസി.എൻജിനിയർ | 28-07-2021 | 03-12-2021 |
| ശ്രീമതി സ്നേഹ. എസ് | അസി.എൻജിനിയർ | 04-12-2021 | 31-03-2022 |
| ശ്രീമതി.സിനിമോൾ.കെ.ആർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 18-11-2021 |
| ശ്രീമതി. പ്രമീള | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 19-11-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭ്യമായ തുകകൾ -62.83 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു | 1-11 |
| 13 | തൊഴിൽനികുതി | 1-12 |
| 14 | വസ്തുനികുതി | 1-13 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-14 |
| 16 | വാടക കുടിശ്ശിക | 1-15 |
| 17 | സാമൂഹ്യ ക്ഷേമ പെൻഷൻ - വിതരണത്തിലെയും ഡാറ്റാബേസിലെയും അപാകങ്ങൾ | 1-16 |
| 18 | തെരുവുവിളക്കുകളുടെ പരിപാലനം | 1-17 |
| 19 | കുടിവെള്ള വിതരണം - ബാധ്യത തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-18 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ റോഡ്/റോഡിതര മെയ്ന്റനൻസ് ഫണ്ട് വിനിയോഗം | 1-19 |
| 21 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ കാലതാമസം- പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുമ്പോൾ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല | 1-20 |
| 22 | കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ് | 1-21 |
| 23 | കാക്കയൂർ ശ്മശാനം നവീകരണം _ മതിയായ സ്ഥലപരിശോധനയുടെ | 1-22 |

| | | |
|---|---|---|
| | അഭാവത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല | |
| 24 | മൈലാറോഡ് അങ്കണവാടി പുനർനിർമ്മാണം - കരാറിലേർപ്പെട്ട് പ്രവൃത്തി ഇതേവരെ ആരംഭിച്ചിട്ടില്ല | 1-23 |
| 25 | ഫർണിച്ചർ വാങ്ങൽ -കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി | 1-24 |
| 26 | മരുന്ന് വാങ്ങൽ പദ്ധതി-ആയുർവ്വേദം | 1-25 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അനുവദിച്ചതിലെ അപാകതകൾ | 1-26 |
| 28 | വിവാഹ ധനസഹായം അനുവദിച്ചതിലെ അപാകതകൾ | 1-27 |
| 29 | പോഷകമിത്ര പദ്ധതിയുടെ ഭാഗമായി ലഭിച്ച ഭക്ഷ്യസാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-28 |
| 30 | അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി അടവാക്കിയത് ഉറപ്പാക്കേണ്ടതാണ്. | 1-29 |
| 31 | ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-30 |
| 32 | ടെണ്ടർ നടപടി പാലിക്കാതെ മരുന്നുകൾ വാങ്ങി. | 1-31 |
| 33 | ക്ഷീരവികസന മേഖല - പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കിയില്ല | 1-32 |
| 34 | ഹരിതകർമ്മസേന- അവലോകനം | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പോഷകമിത്ര പദ്ധതി - ഭക്ഷണ സാമഗ്രികൾ സ്റ്റോക്കിലെടുത്തതിലെ വ്യത്യാസം - 2560/-രൂപയുടെ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

26-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 8/1 പ്രകാരം 2021-22വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,50,34,775 |
| തൻവർഷം വരവ് | 14,17,33,433 |
| ആകെ വരവ് | 15,67,68,208 |
| ചെലവ് | 10,69,16,127 |
| നീക്കിയിരിപ്പ് | 4,98,52,081 |

ധനകാര്യ സ്ഥിരം സമിതിയുടെ 21.02.22 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും, ഭരണസമിതിയുടെ 23.02.22 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരവും ബജറ്റ് റിവൈസ് ചെയ്തത് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 15-06-2022 | - | |

### 1-2-1 വാർഷിക കണക്ക് പരിശോധന

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

2. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

3. വികസന ഫണ്ട് (എസ്.സി.പി) വാർഷിക കണക്ക് പ്രകാരം 9210877/- രൂപയും, അപ്രോപ്രിയേഷൻ പ്രകാരം 9211877/- രൂപയും ആണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18717400 |
| വരവ് | 103768861 |
| ആകെ | 122486261 |
| ചെലവ് | 101396680 |

| | |
|---|---|
| നീക്കിയിരിപ്പ് | 21089581 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 13507466 | 13507466 | 12457912 | 1049554 |
| വികസനഫണ്ട് - എസ്.സി.പി | 0 | 13073863 | 13073863 | *9211877 | 3861986 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11650600 | 11650600 | 8638050 | 3012550 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7084594 | 7084594 | 2360335 | 4724259 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- | 0 | 4506000 | 4506000 | 1837148 | 2668852 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 5691852 | 5691852 | 1721321 | 3970531 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്- | 0 | 3052389 | 3052389 | 2587758 | 464631 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 2518483 | 2518483 | 1928492 | 589991 |

* വികസന ഫണ്ട് (എസ്.സി.പി) എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ 1000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ്, അൺടൈഡ് ഗ്രാന്റ് ആകെ നീക്കിയിരുപ്പ് 3133483/- രൂപ HDFC കൊട്ടവായൂരിൽ നിലനിൽക്കുന്നു.

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1857595 | 818456 | 2676051 | 708829 | 1967222 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 24136 | 836909 | 861045 | 861043 | 2 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | | 39360796 | 39360796 | 39360796 | 0 |
| ആകെ | 24136 | 40197705 | 40221841 | 40221839 | 2 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 4107213 | | 4107213 | 1496000 | 2611213 |

സംസ്ഥാനാവിഷ്കൃതം

ലൈഫ് മിഷൻ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 122000 | 400000 | 522000 | 400000 | 122000 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജലനിധി | 1884647 | 831248 | 2715895 | 770875 | 1945020 |
| ലൈബ്രറി ഗ്രാന്റ് | 0 | 15580 | 15580 | 0 | 15580 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 133035483 | 123 | 56633384 | - | 64 | 68 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 80% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 43% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം ക്ഷീര വികസന മേഖലയിൽ പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ച് നിർവ്വഹിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 9234367 | 6265355 | 68 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 2215100 | 1931882 | 87 |
| മെഡിക്കൽ ഓഫീസർ-CHC | 4 | 4 | 2025140 | 1687697 | 83 |
| മെഡിക്കൽ ഓഫീസർ- | 1 | 1 | 710000 | 709970 | 99.9 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ -1 | 6 | 6 | 40669238 | 5868815 | 14 |
| വി.ഇ.ഒ -2 | 7 | 7 | 18278500 | 7979700 | 44 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3 | 6875000 | 4205878 | 61 |
| എച്ച്.എം | 5 | 4 | 3150000 | 2651320 | 84 |
| സെക്രട്ടറി | 31 | 27 | 14531341 | 7379116 | 51 |
| അസി.സെക്രട്ടറി | 10 | 7 | 5283000 | 1791600 | 34 |
| അസിസ്റ്റന്റ് എഞ്ചിനി യർ | 72 | 53 | 28357797 | 15743469 | 56 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 1506000 | 218582 | 15 |
| ആകെ | 153 | 123 | 133035483 | 56633384 | 43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 24136 | 836909 | 861045 | 861043 | 2 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | | 39360796 | 39360796 | 39360796 | 0 |
| ആകെ | 24136 | 40197705 | 40221841 | 40221839 | 2 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7943900 | 542 |
| 3 | വിധവാ പെൻഷൻ | 24360100 | 1615 |
| 4 | വാർദ്ധക്യകാല പെൻഷൻ | 32328900 | 2315 |
| 5 | വികലാംഗ പെൻഷൻ | 5219400 | 346 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾ ക്കുള്ള പെൻഷൻ | 1410400 | 95 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 12-08-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 20775/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം (പുമുഖ ശ്രീ) കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

ചെക്ക്സ് & ഡി.ഡി രജിസ്റ്റർ ഓരോ എൻട്രിയും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാർഡ് തിരിച്ചുള്ള തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ, തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥരായ ഹെഡ്മിസ്ട്രസ്സ്, വെറ്ററിനറി സർജൻ, സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർ നിർദ്ദിഷ്ട മാതൃകയിലുള്ള TR7A കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷൻ 2018-19 വർഷം വരെ മാത്രമാണ് നടത്തിയിട്ടുള്ളത്. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

വിവിധ പർച്ചേസുകളുമായി ബന്ധപ്പെട്ട് സമഗ്രമായ സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ നികുതിവരവുകളിൽ വസ്തു നികുതി, തൊഴിൽ നികുതി (ട്രേഡേഴ്സ്), വെള്ളക്കരം എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

18-2-2020 മുതൽ 03-03-2020 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-05 മുതൽ 2018-19 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

20-7-2021, 21-7-2021 തീയതികളിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ജൂലൈ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-11 സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ തുകകൾ -62.83 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു

സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017/ഫിൻ/തീയതി 23.01.2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഡി.പി.സി അംഗീകരിച്ച പ്രോജക്ട് നടപ്പാക്കുന്ന മുഖ്യ സ്ഥാപനത്തിന് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് തുറക്കാവുന്നതാണെന്നും ഷെയർ നൽകുന്ന സ്ഥാപനങ്ങൾ സെപ്റ്റംബർ 30 നകം തുക ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ഈ അക്കൗണ്ടിൽ നിന്നും പിന്നീട് ചെക്ക് മുഖേന തുക പിൻവലിക്കാവുന്നതാണ്. പ്രോജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി,

ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്.

2018-19, 2019-20 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കായി കൈമാറിക്കിട്ടിയ തുക ചെലവഴിക്കുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മാലിന്യ സംസ്കരണം, ലൈഫ് ഭവന നിർമ്മാണം മുതലായ പദ്ധതികൾക്കായി ലഭ്യമായ തുകയിൽ 62.83 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നതായി കണ്ടെത്തി.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് വിഹിതം

| പ്രൊജക്റ്റിന്റെ പേര് | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| RRF Centre നിർമ്മാണം | 2019-20 | 500000 | 500000 |
| മണ്ണിര കമ്പോസ്റ്റ് പിറ്റ് വിപുലീകരണം | 2019-20 | 500000 | 500000 |
| മാലിന്യ സംസ്കരണ പ്ലാന്റ് വിപുലീകരണം | 2019-20 | 1500000 | 1500000 |
| പാലിയേറ്റീവ് കെയർ | 2019-20 | 49230 | 49230 |
| ലൈഫ് - SCP | 2019-20 | 1332021 | 1332021 |
| വൃദ്ധർക്ക് കട്ടിൽ-ജനറൽ | 2019-20 | 180460 | 18429 |
| ആകെ | | | 3899680 |

1. ജില്ലാ പഞ്ചായത്ത് വിഹിതം

| | | | |
|---|---|---|---|
| ലൈഫ് ഭവനം | 2018-19 | 1283635 | 1283635 |
| ലൈഫ് ഭവനം | 2018-19 | 1026020 | 976020 |
| ലൈഫ്-SCP | 2019-20 | 123620 | 123620 |
| ആകെ | | | 2383275 |

ജി.ഒ(പി)നം.07/2017/ഫിൻ/തീയതി 23.01.2017 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-3/12.08.22)താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

ചെലവഴിക്കാത്ത തുകകൾ 2022-23 വാർഷിക പദ്ധതിയുടെ ഭേദഗതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിനോ ഭരണസമിതിയുടെ അനുവാദത്തോടെ തിരികെ അടവാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽനികുതി

1. തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | തൊഴിൽനികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 1 | ശിവശ്രീ സിൽക്സ് | 40 | - | - |
| 2 | ഹോട്ടൽ ശ്രീവത്സ റീജൻസി | 18 | 4 | 7 |
| 3 | കൊയർലക്സ് ഫോംസ് | 22 | - | - |
| 4 | അയ്യപ്പ ഗ്യാസ് ഏജൻസി | 3 | - | - |
| 5 | കെ പി എൻ പ്രോഡക്റ്റ്സ് | 13 | 8 | 8 |
| 6 | ഗനി ഹോണ്ട | 7 | - | - |
| 7 | ഗ്രേസ് ഹോട്ടൽ & ബേക്സ് | 5 | - | - |
| 8 | ന്യൂ റിച്ച് ബേക്സ് & റസ്റ്റോറന്റ് | 5 | - | - |

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തുമായി 2021-22 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കരാറുകാരിൽ നിന്നുള്ള തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

3. സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം

തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ പഞ്ചായത്തിലെ 18 വാർഡുകളിലേയും സ്ഥാപനങ്ങളുടെ രജിസ്റ്റർ ചട്ടം അനുസരിച്ച് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 8/16.08.2022 നുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി

1.വസ്തുനികുതി കുടിശ്ശിക

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 7,20,737/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. തൻവർഷ വസ്തു നികുതി ഇനത്തിൽ 53,65,655/- വരവ് ലഭിച്ചപ്പോൾ 2,89,984/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| ഗാർഹികം | 1,30,951 | 2,06,109 | 3,37,060 |
| ഗാർഹികേതരം | 1,59,033 | 2,24,644 | 3,83,677 |
| ആകെ | 2,89,984 | 4,30,753 | 7,20,737 |

കുടിശ്ശിക പിരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യൂ പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചു കളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യൂ

വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

07.09.2016 തീയതിയിലെ സ.ഉ(സാധാ)നം.2627/2016/തസ്വഭവ നമ്പർ ഉത്തരവ്, 31.08.2017-ലെ 1725325/ആർ.എ.2/2017/തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരം അനധികൃത നിർമ്മാണം തടയുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ 24.07.2010 ലെ 22044/ആർ.എ.1/14/തസ്വഭവ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടം നിയമങ്ങൾ/ചട്ടങ്ങൾ ലംഘിക്കുന്നതിനാൽ ക്രമവൽക്കരിച്ച് നൽകാതെ അവശേഷിക്കുന്നതായി കാണുന്നു.

| പെർമിറ്റ് നം. | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം (ച.മീ) | പെർമിറ്റിലെ ഉപയോഗക്രമം | നിലവിലെ ഉപയോഗക്രമം |
|---|---|---|---|---|
| BP.145/2014 Dt.24/12/2014 | ലൈല.എൻ | 524.67 | വാണിജ്യം | ആശുപത്രി |

നിയമാനുസൃതമല്ലാതെ നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടുള്ള കെട്ടിടത്തിന് 19.05.2014 ലെ 29342/ആർ.എ.1 /2014/തസ്വഭവ സർക്കുലർ പ്രകാരമുള്ള അനധികൃത നിർമ്മാണം സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററിൽ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം യു.എ നമ്പർ അനുവദിച്ച് വസ്തുനികുതി ഇനത്തിലെ വരവ് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കെട്ടിടങ്ങളെ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കി നൽകൽ-നിയമാനുസൃതമാവേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 പ്രകാരം നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കേണ്ട കെട്ടിടങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. സ.ഉ(എം.എസ്) നം 144/15/തസ്വഭവ, തിയതി 27.04.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി ) വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളായ കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) നം 358/15/തസ്വഭവ, തിയതി 16.12.2015 പ്രകാരം കുടുംബനാഥന്റെ പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിനു മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തുകയും നികുതി ഒഴിവാക്കി നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. കൊടുവായൂർ ഗ്രാമ പഞ്ചായത്തിൽ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ പരിശോധനയിൽ നിയമാനുസൃതമല്ലാതെ താഴെ പറയുന്ന കെട്ടിടത്തിനെ ഒഴിവാക്കിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെപേര് | കെട്ടിട നമ്പർ, തറ വിസ്തീർണ്ണം | സഞ്ചയയിലെ ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|
| സിസ്റ്റർ സുപ്പീരിയർ ഹോളിഫാമിലി കോൺവെന്റ് | 8/249, 246.4 ച.മീ | സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ |

| | | | |
|---|---|---|---|
| | | | കാരണം രേഖപ്പെടുത്തിയിട്ടില്ല. |

1993ൽ നികുതി നിർണ്ണയിച്ചപ്പോൾ 1800രൂപ അടിസ്ഥാന നികുതി വരുന്ന പ്രസ്തുത കെട്ടിടത്തെ 2013ലെ നികുതി നിർണ്ണയത്തിൽ ഒഴിവാക്കിതായി കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

4. അനധികൃത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്

അനധികൃത കെട്ടിട നിർമ്മാണരജിസ്റ്റർ പ്രകാരം 2021-22 വർഷം വരെ 33കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്ന കെട്ടിടങ്ങളുടെ എണ്ണം 29 മാത്രമാണ്. സഞ്ചയയിൽ ഉൾപ്പെടുത്താത്ത അനധികൃത കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | യു.എ നമ്പർ | കെട്ടിടത്തിന്റെ തരം | തറ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | കെ.പി.ശിവദാസൻ & അച്ച്യുതൻകുട്ടി | - | - | - |
| 2 | എ.കെ.നാരായണൻ | - | - | - |
| 3 | രാമൻ S/o വെള്ള | UA 2/1 | പാർപ്പിടം | - |
| 4 | മാണിക്കൻ & ലത | UA 9/1 | പാർപ്പിടം | 45.66 ച.മീ |

5. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിലെ പിഴവ് - നികുതി നഷ്ടം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ച് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്റെ കൃത്യത ഫോറം 6 മായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ മേൽക്കൂര ഇല്ലാത്ത ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമല്ലാതെ വസ്തുനികുതിയിന്മേൽ അനധികൃത ഇളവ് അനുവദിച്ചതായി കാണുന്നു.

| കെട്ടിട നമ്പർ/ വിസ്തീർണ്ണം | നിലവിലെ വസ്തുനികുതി നിർണ്ണയം (ടവറുകൾക്ക് നിശ്ചയിച്ചിട്ടുള്ള നി കുതി നിരക്ക്- | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടത് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | 450/ച.മീ) | | |
| 1/201<br>എയർടെൽ<br>10.908<br>ച.മീ | 10.908*450=<br>4908.6<br>ഇളവ്-10%<br>(മേൽക്കൂര)<br>വർദ്ധനവ് 20%<br>(വഴിസൗകര്യം)<br>BT- 5400<br>LC- 270<br>Total-5670 | 10.908*450=<br>4908.6<br>ഇളവ് -ഇല്ല<br>വർദ്ധനവ്- 20%<br>BT- 5891<br>LC- 295<br>Total- 6186 | 516 രൂപ |

2. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

1.

| | |
|---|---|
| കെട്ടിട നം. | 8/384 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | അഷറഫ് അലി,കൊട്ടുവായൂർ |
| വിസ്തീർണ്ണം | 160.74ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 160.74*40 = 6429.6<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>വസ്തുനികുതി - 7716<br>ലൈബ്രറി സെസ്സ് - 386<br>ആകെ – 8102 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 160.74*60 = 9644<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>വസ്തുനികുതി - 11573<br>ലൈബ്രറി സെസ്സ് - 579<br>ആകെ - 12152 |
| പ്രതിവർഷ നഷ്ടം | 12152 – 8102 = 4050 രൂപ |

2.

| | |
|---|---|
| കെട്ടിട നം. | 5/88 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | സുമതി, പുത്തൻവീട്, കൊട്ടുവായൂർ |
| വിസ്തീർണ്ണം | 1ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 109*40 = 4360<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 5232<br>ലൈബ്രറി സെസ്സ് - 262<br>ആകെ - 5494 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 109*60 = 6540<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 7848<br>ലൈബ്രറി സെസ്സ് - 392<br>ആകെ - 8240 |
| പ്രതിവർഷ നഷ്ടം | 8240 – 6540 = 1700 രൂപ |

ഓഡിറ്റ് അന്വേഷണം നം. 31/22.08.2022 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്നും വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

1. ലൈസൻസ് ഫീ കുറവായി ഈടാക്കുന്നു

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ നിന്നും ബാധകമായതിലും കുറവായാണ് ലൈസൻസ് ഫീ

ഈടാക്കിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീവത്സറീജെൻസി | 10.8291 Cr | 15,000/- | 4000/- | 11,000/- |

2. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരം നടപടിക്രമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരമുള്ള യഥാർത്ഥ മൂലധന നിക്ഷേപം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 1 | ശ്രീവത്സറീജെൻസി | 10.8291 Cr | 10 Lakh |
| 2 | കൊയർലക്സ് ഫോംസ് | 42.25 Lakh | 10 Lakh |

3. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2021-22 വർഷത്തിൽ 533 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമല്ലാതെ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഡ് തലത്തിൽ സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കുകയും ആയത് കാലികമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/17.08.2022 നുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും വാർഡ് തലത്തിൽ സ്ഥാപനങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കുകയും ആയത് കാലികമാക്കി സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വാടക കുടിശ്ശിക

2021-22 സാമ്പത്തിക വർഷത്തിലെ വാടക 211805/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരൻ | കെട്ടിട നമ്പർ | പ്രതിമാസ നിരക്ക് | കുടിശ്ശിക വരുത്തിയ മാസം | കുടിശ്ശിക |
|---|---|---|---|---|---|
| 1 | പ്രസിഡണ്ട്/സെക്രട്ടറി കോ-ഓപ്പറേറ്റിവ് സ്റ്റോർ | 5/239 | 910 | 04/21 – 03/22 | 10920 |
| | | 5/240 | 405 | 04/21 – 03/22 | 4860 |
| 2 | നാരായണൻ | - | 1605 | 04/21 – 03/22 | 19260 |
| 3 | താജ്ജുദ്ദീൻ | 5/241 | 17860 | 06/21 – 03/22 | 107160 |
| | | 5/242 | 4520 | 10/21 - 03/22 | 45200 |
| 4 | ജോതിഷ് | - | 1115 | 04/21 – 03/22 | 13380 |
| 5 | ദീപം ടൈലറിങ്ങ് യൂണിറ്റ് | | 1255 | 09/21-03/22 | 11025 |
| ആകെ | | | | | 211805 |

മേൽ പറഞ്ഞ വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 10/16.08.2022 നുള്ള മറുപടിയിൽ ക്രമ നം. 1,2,5 വാടകക്കാർ 2021-22 സാമ്പത്തിക വർഷത്തിലെ വാടക 2022-23 വർഷം അടവാക്കിയതിന്റെ രസീതി ഹാജരാക്കിയിട്ടുണ്ട്. ക്രമ നം. 3,4 വാടകക്കാരുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 സാമൂഹ്യ ക്ഷേമ പെൻഷൻ - വിതരണത്തിലെയും ഡാറ്റാബേസിലെയും അപാകങ്ങൾ

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ

ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും 2020, 2021 വർഷങ്ങളിലെ ഏതാനും മരണ രജിസ്ട്രേഷനുകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

<u>മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു</u>

താഴെചേർക്കുന്ന പെൻഷനർമാർ മരണപ്പെടുകയും ഈ സ്ഥാപനത്തിൽ തന്നെ പ്രസ്തുത മരണം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നു.

1)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | ലത എം, ഹരിത നഗർ, ബൈപാസ്സ് റോഡ്, കൊടുവായൂർ |
| ആധാർ നം | 998937474105 |
| പെൻഷൻ ഇനം | വിധവ പെൻഷൻ |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108670600411 |
| ബാങ്ക് അക്കൗണ്ട് വിവരം | ബാങ്ക് ഓഫ് ബറോഡ, കൊടുവായൂർ, 39710100001215 |
| മരണപ്പെട്ട തീയതി | 31.03.21 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 54/2021/06.04.21 |

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക |
|---|---|---|
| 1 | ഏപ്രിൽ 2021 | 1600 |
| 2 | മെയ് 2021 | 1600 |
| 3 | ജൂൺ 2021 | 1600 |
| 4 | ജൂലൈ 2021 | 1600 |
| 5 | ആഗസ്റ്റ് 2021 | 1600 |
| 6 | സെപ്റ്റംബർ 2021 | 1600 |
| 7 | ഒക്ടോബർ 2021 | 1600 |
| 8 | നവംബർ 2021 | 1600 |
| 9 | ഡിസംബർ2021 | 1600 |
| 10 | ജനവരി2022 | 1600 |
| 11 | ഫെബ്രുവരി2022 | 1600 |
| 12 | മാർച്ച് 2022 | 1600 |
| 13 | ഏപ്രിൽ2022 | 1600 |
| 14 | മെയ് 2022 | 1600 |

| | | |
|---|---|---|
| 15 | ജൂൺ 2022 | 1600 |
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/22.08.22) നിലവിലെ നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

ഗുണഭോക്താക്കൾ രണ്ട് പേർക്കും ഒരു ലക്ഷം രൂപ വീതം ആദ്യ ഗഡുവായി തുക അനുവദിച്ചിട്ടുള്ളത് മുൻ അസി. സെക്രട്ടറിയായിരുന്ന പരേതനായ ശ്രീ ടി.പി വേണുഗോപാലന്റെ കാലയളവിലാണ്. രണ്ട് ഗുണഭോക്താക്കളും പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് അനുവദിച്ച 2 ലക്ഷം രൂപ തിരികെ ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 വിവാഹ ധനസഹായം അനുവദിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0029/22 (പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് വിവാഹധനസഹായം) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 900000/- |
| ചെലവ് | 900000/- |

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക.7.2.1 പ്രകാരം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചവർക്ക് തദ്ദേശ സ്ഥാപനത്തിൽ നിന്നും അതേ ആനുകൂല്യം നൽകാൻ പാടില്ല.

ശ്രീ.ചന്ദ്രൻ.എൻ, മീഞ്ചിറക്കാട്, എത്തന്നൂർ എന്നയാളുടെ മകളായ ദർശനയുടെ വിവാഹ ധനസഹായത്തിന് 01.06.2021 ന് പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. ടിയാൾക്ക് 75000/- രൂപ 09.08.2021 ലെ അനുമതി നമ്പർ.26 പ്രകാരം അനുവദിച്ചിട്ടുണ്ട്. കൊല്ലങ്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും 11.06.21 ന് അനുവദിച്ച സാക്ഷ്യപത്രത്തിൽ ടിയാൾക്ക് ധനസഹായം ലഭിച്ചിട്ടില്ല എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ എന്ത് ധനസഹായം എന്ന് വ്യക്തമല്ല.

ശ്രീ.ടി.പി.വേണുഗോപാൽ എന്നവർ അസി.സെക്രട്ടറിയായിരുന്ന കാലയളവിലാണ് ടി ഗുണഭോക്താവിന് തുക അനുവദിച്ചിട്ടുള്ളത്. തുക അനുവദിക്കുന്നതിനായി സ്വീകരിച്ച രേഖയിലുൾപ്പെട്ട സൂചന സർട്ടിഫിക്കറ്റിലെ ന്യൂനത കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നാണ് ഓഡിറ്റ് എൻക്വയറി 20 ന് ലഭിച്ച മറുപടി.

ശ്രീ.ചന്ദ്രൻ.എൻ, മീഞ്ചിറക്കാട്, എത്തന്നൂർ എന്നയാളുടെ മകളായ ദർശനയുടെ വിവാഹ ധനസഹായത്തിന് കൊല്ലങ്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-28 പോഷകമിത്ര പദ്ധതിയുടെ ഭാഗമായി ലഭിച്ച ഭക്ഷ്യസാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0003/22 (അങ്കണവാടി പോഷകാഹാരം (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 3300000/- |

| | |
|---|---|
| ചെലവ് | 2638867/- |
| ബിൽ നമ്പർ/തീയതി | 1/21-22, 11.08.21<br>തുക. 304262/- |

അങ്കണവാടികളിൽ നടപ്പിലാക്കി വരുന്ന പോഷകമിത്ര പദ്ധതിയുടെ ഭാഗമായി അനുഗ്രഹ ആന്റ് ലക്ഷ്മി ( കുടുംബശ്രീ യൂണിറ്റ്) എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നമ്പർ.936, തീയതി.31.05.21, തുക.5814/- പ്രകാരം 23 ഗുണഭോക്താക്കൾക്കായി (മുലയൂട്ടുന്ന അമ്മമാർ- പട്ടികജാതി) താഴെപ്പറയുന്ന ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നമ്പർ.107) അവയുടെ അളവ് കുറവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഭക്ഷ്യവസ്തുവിന്റെ പേര് | ലഭിച്ചിട്ടുള്ള അളവ് (കി.ഗ്രാം) | സ്റ്റോക്കിൽ എടുത്തിട്ടുള്ള അളവ് (കി.ഗ്രാം) | കുറവ് (കി.ഗ്രാം) | നഷ്ടം |
|---|---|---|---|---|
| ഗോതമ്പ് | 34 | 23 | 11 | 50X11=550 |
| റാഗി | 34 | 11.500 | 22.500 | 60X22.500=1350 |
| അവിൽ | 17 | 11.500 | 5.500 | 60X5.5=330 |
| ശർക്കര | 17 | 11.500 | 5.500 | 60X5.5=330 |
| ആകെ | | | | 2560/- |

ബില്ലിൽ ഗുണഭോക്താക്കളുടെ എണ്ണം 24 ന് പകരം 34 എന്ന് തെറ്റായി എഴുതിപോയതാണെന്നും ഈ തുക തിരിച്ച നൽകാൻ പ്രസ്തുത കുടുംബശ്രീ യൂണിറ്റ് തയ്യാറാണെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 21 ) മറുപടി സമർപ്പിച്ചിട്ടുള്ളത്. തുക തിരിച്ചടയ്ക്കാൻ തയ്യാറാണെന്ന കുടുംബശ്രീ യൂണിറ്റിന്റെ കത്ത് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

നഷ്ടമായ 2560/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-29 അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി അടവാക്കിയത് ഉറപ്പാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0003/22 (അങ്കണവാടി പോഷകാഹാരം (ജനറൽ)<br>S0141/22 (അങ്കണവാടി പോഷകാഹാരം (എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 3300000/-<br>1000000/- |
| ചെലവ് | 2638867/-<br>636711/- |
| ബിൽ നമ്പർ/തീയതി | 1) 1/21-22, 11.08.21 തുക. 304262/-<br>2) 2/21-22, 11.08.21 തുക. 328023/-<br>3) 3/21-22, 19.08.21 തുക. 427355/-<br>4) 4/21-22, 16.09.21 തുക. 247956/-<br>5) 5/21-22, 28.10.21 തുക. 214865/-<br>6) 6/21-22, 28.10.21 തുക. 148749/-<br>7) 7/21-22, 28.12.21 തുക. 47785/-<br>8) 8/21-22, 28.12.21 തുക. 46101/-<br>9) 10/21-22, 19.01.22 തുക. 105181/-<br>10) 11/21-22, 19.01.22 തുക. 104754/-<br>11) 12/21-22, 14.02.22 തുക. 83981/- |

| | |
|---|---|
| | 12) 16/21-22, 08.03.22 തുക. 33641/- |

സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ തിയതി.25.05.2018 പ്രകാരം അമൃതം ന്യൂട്രിമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

2021-2022 വർഷത്തിൽ 1220380/- രൂപയ്ക്ക് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. ഇതിനു പുറമെ ആയതിനുള്ള ജി.എസ്.ടി 5%വും പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. 5% ജി.എസ്.ടി ആയി ഈടാക്കിയ തുക സർക്കാരിലേക്ക് അടച്ചിട്ടുണ്ടോ എന്നത് രേഖകൾ ലഭ്യമല്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
ജി.എസ്.ടി തുക സർക്കാരിലേക്ക് അനുഗ്രഹ & ലക്ഷ്മി (കുടുംബശ്രീ യൂണിറ്റ്) അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

1-30 ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം – വി.ഇ.ഒ
ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം 2018-19 വർഷം ആദ്യ ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ഇതേവരെ പൂർത്തീകരിച്ചിട്ടില്ല.

| വാർഡ് നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ആദ്യ ഗഡു അനുവദിച്ചത് | തുക |
|---|---|---|---|
| 17 | സിന്ധു, W/o മോഹനൻ, മീഞ്ചിറക്കാട്, കാക്കയൂർ | 12.09.2018 | 40000/- |
| 13 | സത്യഭാമ, W/o സേതു, ചെത്തിയോട്, കൊട്ടുവായൂർ | 31.08.18 | 40000/- |

നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ മേൽ ഗുണഭോക്താക്കളിൽ നിന്നും അനുവദിച്ച 40000/-രൂപ വീതം തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ ഗുണഭോക്താക്കളിൽ നിന്നും ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം ഇവർ കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി സമർപ്പിച്ചിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നമ്പർ.29)

1-31 ടെണ്ടർ നടപടി പാലിക്കാതെ മരുന്നുകൾ വാങ്ങി.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0075/22 (മൃഗാശുപത്രിയ്ക്ക് മരുന്ന വാങ്ങൽ ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 250000/- |
| ചെലവ് | 250000/- |
| ബിൽ നമ്പർ/തീയതി | 21/21-22, തീയതി.27/03/2022 |

എസ്റ്റിമേറ്റ് തുക ഒരു ലക്ഷത്തിനു മുകളിൽ വരുന്ന വാങ്ങലുകൾക്ക് ടെണ്ടർ ബാധകമാണ്.

20.10.2021 ന് പാലക്കാട്, ജില്ലാ വെറ്ററിനറി സ്റ്റോർ, മൊബൈൽ വെറ്ററിനറി സർജനിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 250000/- രൂപയുടെ മരുന്നുകൾ 09.03.2022 ന് ഇഷ്യൂ നമ്പർ.0904301/21220 പ്രകാരം വാങ്ങിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 13.02.2017 ലെ 397/2017/തസ്വഭവ എന്ന ഉത്തരവിലെ 2-മത്തെ പരാമർശത്തിന് അനുസരിച്ചാണ് മരുന്നുകൾ ഉടനടി ലഭ്യമാക്കുവാൻ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സപ്ലൈക്കോയിൽ നിന്നും വാങ്ങിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടുള്ളത്. (നം.16) മേൽ ഉത്തരവിൽ മൃഗസംരക്ഷണ വകുപ്പിൽ മരുന്ന്

വാങ്ങുന്നതിനെക്കുറിച്ച് പരാമർശിക്കുന്നില്ല.

എസ്റ്റിമേറ്റ് തുക ഒരു ലക്ഷത്തിനു മുകളിൽ വരുന്ന വാങ്ങലുകൾക്ക് ടെണ്ടർ നടപടി പാലിക്കേണ്ടതാണ്.

## 1-32 ക്ഷീരവികസന മേഖല - പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ 500000/-രൂപ ക്ഷീരവികസന മേഖലയിൽ നീക്കിവെച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

2021-22 വർഷത്തിൽ 500000/- രൂപ വകയിരുത്തി ക്ഷീരകർഷകർക്ക് പാലുൽപ്പാദനത്തിന് ഇൻസന്റീവ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതാണ്. പ്രസ്തുത കാലയളവിൽ ഡയറിഫാം ഇൻസ്ട്രക്ടർമാർക്കും ഡയറി എക്സ്റ്റൻഷൻ ഓഫീസർക്കും യൂസർ ഐഡിയും പാസ് വേർഡും ലഭ്യമാക്കിയിരുന്നു.എന്നാൽ പ്രോജക്ട് രൂപീകരണ ഫോറം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് മാറ്റി പ്രോജക്ട് ഭേദഗതി ചെയ്യണമെന്ന് പ്രസ്തുത ഓഫീസർ ഫോൺ മുഖേന അറിയിച്ചത് മാർച്ച് മാസത്തിലാണ്. നിർവഹണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് സെക്രട്ടറി പ്രസ്തുത നിർവഹണ ഉദ്യോഗസ്ഥനെ നേരിൽ വിളിച്ചന്വേഷിച്ചിട്ടുള്ളതാണ്. മാർച്ച് മാസത്തിൽ പദ്ധതി പൂർത്തീകരണത്തിന്റെ തിരക്കും ഡി.പി.സി മീറ്റിങ്ങുകളും ഇല്ലാത്തതിനാൽ പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടായിരുന്നു എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-18) മറുപടി സമർപ്പിച്ചിട്ടുള്ളത്.

നിർവ്വഹണോദ്യോഗസ്ഥർ മുൻകൂട്ടി പദ്ധതികൾ കൃത്യമായി ആവിഷ്കരിച്ച് സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഹരിതകർമ്മസേന- അവലോകനം

ഹരിതകർമ്മസേനയുടെ പ്രവർത്തനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ) 7-5-2021ന് അംഗീകരിച്ചിട്ടുണ്ട്.

ബി. ഹരിത കർമ്മസേനയുടെ രൂപീകരണം

18 വാർഡുകളുള്ള കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയിൽ നിലവിൽ 15 അംഗങ്ങളാണുള്ളത്. മാർഗ്ഗരേഖ പ്രകാരം ഏൽപ്പിക്കപ്പെട്ട അജൈവമാലിന്യ ശേഖരണത്തിനു പുറമേ ഗ്രാമപഞ്ചായത്തിന്റെ പൊതു മാലിന്യ പ്ലാന്റിൽ ജൈവവള നിർമ്മാണത്തിനും ഹരിതകർമ്മസേനാംഗങ്ങളെ നിയമിക്കുന്നുണ്ട്.

പ്രവർത്തന പ്രദേശത്തെ വീടുകളും സ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതല ഹരിതകർമ്മസേനയിൽ നിക്ഷിപ്തമാണ്. കൂടാതെ, ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റ് ചുമതലകളും ഹരിതകർമ്മസേന നിർവ്വഹിക്കേണ്ടതാണ്.

സി. യൂസർഫീ ഈടാക്കൽ

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ യൂസർ ഫീ ഇനത്തിൽ വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ 10300 വീടുകളും 3169 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ പ്രതിമാസം ശരാശരി 7000 വീടുകളിൽ മാത്രമാണ് ഹരിതകർമ്മസേനാംഗങ്ങൾക്ക് അജൈവ മാലിന്യ ശേഖരണത്തിനായി സന്ദർശനം നടത്തുവാൻ സാധിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും വ്യാപാര സ്ഥാപനങ്ങളും യൂസർ ഫീ നൽകുന്നതിൽ വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിതകർമ്മ സേനാംഗങ്ങൾ ഓഡിറ്റിനെ അറിയിച്ചു. 2020-21 വർഷത്തെ അപേക്ഷിച്ച് 2021-22 ൽ യൂസർഫീ നൽകുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് ഹരിതകർമ്മസേന അറിയിച്ചു.

യൂസർ ഫീ ഇനത്തിൽ ഈടാക്കുന്ന തുക കൃത്യമായി ബാങ്കിൽ അടയ്ക്കുന്നുണ്ട്. യൂസർ ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

യൂസർ ഫീ ഇനത്തിലെ വരവ് പ്രതിമാസം ശരാശരി 50000 രൂപയിൽ താഴെ മാത്രമാണ്. ആയത് ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ അപര്യാപ്തമാണ്.

മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. .

ഹരിതകർമ്മസേനയുടെ പ്രധാന വരവിനമായ യൂസർഫീ ഇനത്തിലെ വരവ് വളരെ കുറവായതിനാൽ ഗ്രാമപഞ്ചായത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടി വരുന്നുണ്ട്. കൂടാതെ ഹരിതകർമ്മസേനാംഗങ്ങളെ പൊതു മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനായി നിയോഗിച്ച് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരമുള്ള ജോലികൾക്ക് മുൻഗണന നിശ്ചയിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

ഡി.ഹരിതകർമ്മ സേന - കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനു വേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും T.R.7A ഫോറത്തിൽ ഒരു കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ പണമിടപാടുകളും കാഷ് ബുക്കിൽ ചേർക്കേണ്ടതുമാണ്.

യൂസർ ഫീ ഇനത്തിലും ജൈവവള വില്പനയിലൂടെയും ഹരിതകർമ്മ സേനയ്ക്ക് ലഭിക്കുന്ന വരവുകളും ഹരിതകർമ്മ സേന അംഗങ്ങൾക്ക് വേതനം മറ്റ് ചെലവുകളും കാഷ്ബുക്കിൽ എഴുതുന്നില്ല.

T.R.7A ഫോറത്തിൽ ഒരു കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും ഓരോ ദിവസത്തേയും എല്ലാ പണമിടപാടുകളും കൃത്യമായി അതത് ദിവസം കാഷ് ബുക്കിൽ ചേർക്കേണ്ടതും കാഷ് ബുക്ക് കൃത്യമായി ക്ലോസ് ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഇ. ഗ്രാമപഞ്ചായത്തിൽ നിന്ന് നേരിട്ട് സഹായം നൽകുന്നതിന്റെ വിവരം

മാലിന്യ സംസ്കരണ പ്ലാന്റിന്റെ നടത്തിപ്പിനായി ഹരിതകർമ്മസേനാംഗങ്ങളുടെ സേവനം ഗ്രാമപഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നുണ്ട്. പ്ലാന്റിൽ പ്രവൃത്തി ചെയ്യുന്ന ദിവസങ്ങളിൽ പ്രതിദിനം 300 രൂപ ഓരോ അംഗത്തിനും വേതനമായി അനുവദിക്കുന്നുമുണ്ട്.

എഫ്. ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

സ.ഉ(സാധാ)നം.4/2021/തസ്വഭവ തിയതി 11.01.2021 പ്രകാരം 2020-21 വർഷത്തിൽ വാർഡ് ഒന്നിന് 11600 രൂപ വീതം ഹരിത കർമ്മസേനകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രോ.നം. 159/22 പ്രകാരം 120000 രൂപ ധനകാര്യ

കമ്മീഷൻ ഗ്രാന്റിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.
ജി.ഒ(ആർടി)നം.1250/2021/തസ്വഭവ ,തിയതി.02.07.2021 പ്രകാരം 2021-22 വർഷത്തിൽ ഹരിതകർമ്മസേനകളുടെ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിനായി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ജി.മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ പ്ലാന്റിനോടനുബന്ധിച്ച് താത്കാലികമായി നിർമ്മിച്ചിട്ടുള്ള സംവിധാനത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. ബെയ്‌ലിംഗ് മെഷീൻ, പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് മെഷീൻ എന്നിവ എം.സി.എഫിൽ സ്ഥാപിച്ചിട്ടുണ്ട്.
ഹരിതകർമ്മേസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. എന്നാൽ മാലിന്യസംസ്കരണ പദ്ധതിയ്ക്കായി പ്രൊജക്ട് നമ്പർ.160/22 പ്രകാരം 9000/- രൂപയ്ക്ക് വെയിങ്ങ് സ്കെയിൽ മെഷീൻ ,പ്രൊജക്ട് നമ്പർ.153/22 പ്രകാരം 55600/- രൂപയ്ക്ക് സീവിങ്ങ് മെഷീൻ എന്നിവ വാങ്ങിയിട്ടുണ്ട്.

എച്ച്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടതാണെന്നും വേതനം നിശ്ചയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനെത്തുടർന്ന് രൂപീകരിച്ചിട്ടുള്ള കൊടുവായൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ക്ലസ്റ്ററിന്റെ ഹരിത സഹായ സ്ഥാപനം ഐ.ആർ.ടി.സി, മുണ്ടൂർ ആണ്. പ്രതിമാസം 26035 രൂപ കൾസൾട്ടേഷൻ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഐ.ആർ.ടി.സി ക്ക് നൽകുന്നുണ്ട്.

ഐ. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ ഫലപ്രദമായി കയ്യൊഴിക്കുന്നുണ്ടെന്നും ആയതിലൂടെ ലഭ്യമാകുന്ന തുക ഹരിതകർമ്മസേനയുടെ/കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

ജെ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ 1,42,044 രൂപയാണ് നിലവിലെ (20.08.2022) നീക്കിയിരിപ്പ് എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ബോധ്യപ്പെട്ടു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. യൂസർഫീ കളക്ഷൻ, വിതരണം, ഹാജർ പുസ്തകം, മിനിട്സ് ബുക്ക്, കാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ,

വാഹന മാനേജ്മെന്റ് മുതലായ രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ രേഖകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ഓരോ വാർഷിക പദ്ധതിയും നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്.

3. എം.സി.എഫ് പ്രവർത്തനസജ്ജമാക്കി ഇവിടെ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ (ഇലക്ട്രിക്കൽ, ഫയർ) ഒരുക്കേണ്ടതാണ്. എം.സി.എഫിൽ ആവശ്യമായ സ്ഥലസൗകര്യം, അടിസ്ഥാന സൗകര്യം, പ്രവർത്തനാനുമതി (മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉൾപ്പെടെ) ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പോഷകമിത്ര പദ്ധതി - ഭക്ഷണ സാമഗ്രികൾ സ്റ്റോക്കിലെടുത്തതിലെ വ്യത്യാസം - 2560/-രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0003/22 (അങ്കണവാടി പോഷകാഹാരം (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 3300000/- |
| ചെലവ് | 2638867/- |
| ബിൽ നമ്പർ/തീയതി | 1/21-22, 11.08.21<br>തുക. 304262/- |

അങ്കണവാടികളിൽ നടപ്പിലാക്കി വരുന്ന പോഷകമിത്ര പദ്ധതിയുടെ ഭാഗമായി അനുഗ്രഹ ആന്റ് ലക്ഷ്മി ( കുടുംബശ്രീ യൂണിറ്റ്) എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നമ്പർ.936, തീയതി.31.05.21, തുക.5814/- പ്രകാരം 23 ഗുണഭോക്താക്കൾക്കായി (മുലയൂട്ടുന്ന അമ്മമാർ- പട്ടികജാതി) താഴെപ്പറയുന്ന ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നമ്പർ.107) അവയുടെ അളവ് കുറവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഭക്ഷ്യവസ്തുവിന്റെ പേര് | ലഭിച്ചിട്ടുള്ള അളവ് (കി.ഗ്രാം) | സ്റ്റോക്കിൽ എടുത്തിട്ടുള്ള അളവ് (കി.ഗ്രാം) | കുറവ് (കി.ഗ്രാം) | നഷ്ടം |
|---|---|---|---|---|
| ഗോതമ്പ് | 34 | 23 | 11 | 50X11=550 |
| റാഗി | 34 | 11.500 | 22.500 | 60X22.500=1350 |
| അവിൽ | 17 | 11.500 | 5.500 | 60X5.5=330 |
| ശർക്കര | 17 | 11.500 | 5.500 | 60X5.5=330 |
| ആകെ | | | | 2560/- |

ബില്ലിൽ ഗുണഭോക്താക്കളുടെ എണ്ണം 24 ന് പകരം 34 എന്ന് തെറ്റായി എഴുതിപോയതാണെന്നും ഈ തുക തിരിച്ചു നൽകാൻ പ്രസ്തുത കുടുംബശ്രീ യൂണിറ്റ് തയ്യാറാണെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 21 ) മറുപടി സമർപ്പിച്ചിട്ടുള്ളത്. തുക തിരിച്ചടയ്ക്കാൻ തയ്യാറാണെന്ന കുടുംബശ്രീ യൂണിറ്റിന്റെ കത്ത്

ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

നഷ്ടമായ 2560/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 10.08.2022 മുതൽ 22.08.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2021-22 | 1401000 | ലൈഫ് ഭവനം - എസ്.സി.പി | 1401000 | 0 |
| | 2021-22 | 1021360 | നെൽകർഷകർക്ക് കൂലിച്ചെലവ് | 1021360 | 0 |
| | 2019-20 | 500000 | RRF Centre | 0 | 500000 |
| | 2019-20 | 500000 | മണ്ണിര കമ്പോസ്റ്റ് പിറ്റ് | 0 | 500000 |
| | 2019-20 | 1500000 | മാലിന്യ സംസ്കരണ പ്ലാന്റ് | 0 | 1500000 |
| | 2019-20 | 49230 | പാലിയേറ്റീവ് കെയർ | | 49230 |
| | 2019-20 | 1332021 | ലൈഫ് - SCP | | 1332021 |
| | 2019-20 | 180460 | വൃദ്ധർക്ക് കട്ടിൽ-ജനറൽ | 162031 | 18429 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1460099 | നെൽകർഷകർക്ക് കൂലിച്ചെലവ് | 1460099 | |
| | 2018-19 | 1283635 | ലൈഫ്-ഭവനം | 0 | 1283635 |
| | 2018-19 | 1026020 | ലൈഫ് | 50000 | 976020 |
| | 2019-20 | 123620 | ലൈഫ്-SCP | 0 | 123620 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | ബാലൻസ് |
|---|---|---|---|---|---|---|---|
| ലൈഫ്-KURDFC വായ്പ | - | 28757793 | 25976616 | 360000 | 26336616 | 3124000 (Source Deduction) | 2321261 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 34,959/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-33 | 8918 | എ.എസ് ഉണ്ണി, അസി. എഞ്ചിനീയർ | 121020102355/18.09.21 |
| 2020-21 | 1-34 | 2482<br>1348<br>22211 | ടി | 121020101952/27.08.21<br>121020102204/9.09.21<br>121020102343/17.09.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-14(3) | 2006-07 | 3-70-1 | രാസവളത്തിനു മാത്രമായി സബ്സിഡി | സമിതി അന്തിമമായി തീർപ്പാക്കിയിട്ടില്ല |
| ലഘു അവലോകനം | - | 2013-14 | 6 -2 | പൊതുമാർക്കറ്റ്/ ഷോപ്പിങ്ങ് കോംപ്ലക്സ്/ ബസ് സ്റ്റാൻഡ്/ കമ്മ്യൂണിറ്റി ഹാൾ/ലേലം/ വാടക/ ലൈസൻസ് വരുമാനം | ടി |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 18717400 |
| ഓഡിറ്റ് വർഷത്തെ വരവ് | 103768861 |
| ആകെ | 122486261 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 101396680 |
| നീക്കിയിരിപ്പ് | 21089581 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2560 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 2560 | ശ്രീമതി സിനിമോൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | ആകെ | 2560/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി. സിനിമോൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | സുന്ദർ വിഹാർ, പുത്തൻകോഡ് തേൻകുറുശ്ശി, പാലക്കാട് -678071 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ് പി 8-1092/02/ 8.1.2003 | 5 |
| 1997-98 | എൽ.എഫ്.പി 13-1065(1)/03 | 10 |
| 1998-99 | എൽ.എഫ്.പി 9-973/05/ 5.5.06 | 21 |
| 1999-2000 | എൽ.എഫ്.പി 9-606/01/ 13.10.2009 | 9 |
| 2000-2001 | എൽ.എഫ് പി 9-1388/04/ 17.10.2006 | 9 |
| 2001-02 | എൽ.എഫ് പി 9-362/06/ 30.1.07 | 25 |
| 2002-03 | എൽ.എഫ് പി 9-34/08/ 14.5.2010 | 6 |
| 2003-04 | എൽ.എഫ് പി 9-895/09/ 20.11.2009 | 11 |
| 2004-05 | എൽ.എഫ് പി 9-36/08/ 14.5.10 | 5 |
| 2005-06 | എൽ.എഫ് പി 9-995/09/ 24.1.2011 | 11 |
| 2006-07 | എൽ.എഫ് പി 9-996/09/ 18.3.2010 | 5 |
| 2007-08 | എൽ.എഫ് പി 19-204/13/ 7.1.9.2013 | 10 |
| 2008-09 | എൽ.എഫ് പി 19-1716/12 /24.192013 | 8 |
| 2009-10 & 2010-11 | എൽ.എഫ്.പി 19-2315/12/ 7.12.2012, 16.3.13 | 5 |
| 2011-12 | എൽ.എഫ് പി 19-2315/12 /7.12.2012,16.3.13 | 19 |
| 2012-13 | എൽ.എഫ് പി 19-2022/13-10.2.14/6.3.14 | 23 |
| 2013-14 & 2014-15 | എൽ.എഫ്.പി.19/2459/14 /10.2.2015 | 6 |
| 2015- 2016 | കെ.എസ്.എ.പി.കെ.ഡി-19-1361/2016/04.08.2016 | 15 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി-18-189/2017/29.01.2017 | 14 |
| 2017- 2018 | കെ.എസ്.എ.പി.കെ.ഡി-18-1900/2017/24.10.2017 | 18 |
| 2018-19 | കെ.എസ്.എ-പികെഡി19/66/2020 / 7-2-2020 | 12 |
| 2019-20 | കെ.എസ്.എ-പികെഡി19/961 /22/8.02.22 | 12 |
| 2020-21 | കെ.എസ്.എ-പികെഡി19/962/22/6.07.22 | 20 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം

| Koduvayur GramaPanchayat<br><br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description ofItems | ScheduleNo | Amount |
| | RECEIPTS | | |
| | OpeningBalance | | |
| Bank | Bank | RP-40(a) | 18542531.00 |
| Cash | Cash | RP-40(a) | 174869.00 |
| | Operating | | |
| 110000000 | TaxRevenue | RP-1 | 1407220.00 |
| 130000000 | Rental income from PanchayatProperties | RP-3 | 0.0 |
| 140000000 | Fees & UserCharges | RP-4 | 767923.00 |
| 150000000 | Sale & HireCharges | RP-5 | 367520.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP-7 | 56749087.00 |
| 171000000 | InterestEarned | RP-9 | 381396.00 |
| 320000000 | Grants, Funds & Contributions for SpecificPurposes | RP-31 | 11727887.00 |
| 350000000 | OtherLiabilities | RP-36 | 912342.00 |
| | NonOperating | | |
| 180000000 | OtherIncome | RP-10 | 58247.00 |
| 330000000 | SecuredLoans | RP-32 | 360000.00 |
| 340000000 | DepositsReceived | RP-34 | 83350.00 |
| 350000000 | OtherLiabilities | RP-36 | 658489.00 |
| 431000000 | Sundry Debtors(Receivables) | RP-43 | 29413638.00 |
| 460000000 | Loans, Advances andDeposits | RP-47 | 881762.00 |
| | Grandtotal | | 122486261.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | EstablishmentExpenses | RP-11 | 5488250.00 |
| 220000000 | AdministrativeExpenses | RP-12 | 1634451.00 |
| 230000000 | Operations &Maintenance | RP-13 | 5331900.00 |
| 250000000 | Decentralised Plan Programme-ProductiveSector | RP-15 | 6560977.00 |
| 251000000 | Decentralised Plan Programme-ServiceSector | RP-16 | 20697840.00 |
| 252000000 | Decentralised Plan Programme-InfrastructureSector | RP-17 | 982486.00 |
| 253000000 | DecentralisedPlanProgramme-ProjectsnotincludedinSector Division | RP-18 | 791853.00 |
| 254000000 | Expenditures of Transferred institutions and StateSponsored | RP-19 | 975879.00 |

| Koduvayur GramaPanchayat<br><br>INCOME&EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description ofItems | ScheduleNo | Amount |
| | INCOME | | |

| | | | |
|---|---|---|---|
| 110000000 | TaxRevenue | I-1 | 7414377.00 |
| 130000000 | Rental Income from Panchayat / MunicipalProperties | I-3 | 1182521.00 |
| 140000000 | Fee & UserCharges | I-4(b) | 1339188.00 |
| 150000000 | Sale & HireCharges | I-5(b) | 367520.00 |
| 160000000 | RevenueGrants,Funds,Contributions& Compensations/Subsidies | I-6 | 173628912.00 |
| 171000000 | InterestEarned | I-8 | 381396.00 |
| 180000000 | OtherIncome | I-9 | 58247.00 |
| | TotalIncome | | 184372161.00 |
| | EXPENDITURE | | |
| 210000000 | EstablishmentExpenses | I-10(b) | 16846724.00 |
| 220000000 | AdministrativeExpenses | I-11(b) | 1634451.00 |
| 230000000 | Operations &Maintenance | I-12(b) | 6929542.00 |
| 240000000 | Interest & FinanceCharges | I-13 | 3240.00 |
| 250000000 | DecentralisedPlanProgramme-ProductiveSector/Programme Expenses | I-14 | 7919502.00 |
| 251000000 | Decentralised Plan Programme-ServiceSector | I-14(a) | 66830511.00 |
| 252000000 | Decentralised Plan Programme-InfrastructureSector | I-14(b) | 1283578.00 |
| 253000000 | DecentralisedPlanProgramme-ProjectsnotincludedinSector Division | I-14(c) | 856453.00 |
| 254000000 | Expenditures of Transfered Institutions and StateSponsoredSchemes (notincludedunderDecentralizedPlanProgramme) | I-14(d) | 72238579.00 |
| 255000000 | MaintenanceProjects | I-14(e) | 10216467.00 |
| | TotalExpenditure | | 184759047.00 |
| | Gross Surplus/ Deficit of income overExpenditure | | -386886.00 |
| 280000000 | Prior PeriodItem | I-18 | -235484.00 |
| | Gross Surplus/Deficit of Income over Expenditure after prior perioditems. | | -151402.00 |
| 290000000 | Transfer to ReserveFunds | I-18(a) | 0.0 |

| KoduvayurGramaPanchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description ofItems | ScheduleNo | Amount |
| | LIABILITIES | | |
| | Reserve &Surplus | | |
| 310000000 | Panchayat / MunicipalFund | B-1 | 41183793.01 |
| 311000000 | EarmarkedFunds-SpecialFunds/SinkingFund /Trustor Agency Fund | B-2 | 129255.00 |
| 312000000 | Reserves | B-3 | 53635991.00 |
| | Total Reserve &Surplus | | 94949039.01 |
| | Grants, Contributions for SpecificPurposes | | |
| 320000000 | Grants, Funds & Contribution for SpecificPurposes | B-4 | 16558175.00 |
| | Total Grants, Contributions for SpecificPurposes | | 16558175.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | SecuredLoans | B-5 | 23213116.00 |
| | TotalLoans | | 23213116.00 |
| | Current Liabilities &Provisions | | |
| 340000000 | DepositsReceived | B-7 | 535293.00 |
| 341000000 | DepositsWorks | B-8 | 1000.00 |
| 350000000 | OtherLiabilities | B-9 | 7242046.99 |
| | Total Current Liabilities andProvisions | | 7778339.99 |
| | TOTALLIABILITIES | | 142498670.00 |
| | ASSETS | | |
| | FixedAssets | | |
| 410000000 | FixedAssets | B-11 | 71595061.00 |
| 411000000 | AccumulatedDepreciation | B-11 | -664300.00 |
| 412000000 | Capital Work inProgress | B-11(a) | 0.0 |
| | Total FixedAssets | | 70930761.00 |
| | Investments | | |
| | Current Assets, Loans andAdvances | | |
| 430000000 | Stock-in-hand | B-14 | 249897.00 |
| 431000000 | Sundry Debtors(Receivables) | B-15 | 24816764.00 |
| 432000000 | Accumulated Provisions Against Debtors(Receivables) | B-15(a) | 0.0 |
| 440000000 | Pre-paidExpenses | B-16 | 22972616.00 |
| 450000000 | Cash and BankBalance | B-17 | 21089581.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)